# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 7 (OSSAEEXAM 2025)**

**1) വ്യക്തിപരമായി ബലപ്പെടുത്തുന്ന അടയാളം ദൈവത്തിൽനിന്നു ലഭിച്ചതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ന്യായാധിപൻ?**

**A) ഗിദെയോൻ**

B) ദെബോറാ

C) ഏലി

D) ഒത്നിയേൽ

**2) നേർച്ചകൾ നേരുമ്പോൾ ദൈവത്തോട് ആലോചന നടത്തണമെന്നു സ്വന്തം ജീവിതാനുഭവത്തിലൂടെ നമ്മെ പ്രബോധിപ്പിക്കുന്ന ന്യായാധിപൻ?**

**A) യിപ്താഹ്**

B) ശിംശോൻ

C) ഒത്നിയേൽ

D) അബ്റോൻ

**3) 'ശമുവേൽ' എന്ന വാക്കിന്റെ അർത്ഥം?**

**A) ദൈവം കേട്ടു**

B) യഹോവയുടെ അനുഗ്രഹം

C) യഹോവ നൽകിയ മകൾ

D) യഹോവ എന്റെ ആശ്രയം

**4) ശൗലിനെ രാജസ്ഥാനത്തിൽനിന്നും നീക്കുവാൻ കാരണം?**

**A) ശൗൽ ദൈവഹിതം വിട്ടുമാറി**

B) ജനങ്ങൾക്കുണ്ടായ ദുരിതം

C) ഗോല്യാത്തിനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല.

D) ഭരണം ജനാധിപത്യപരമായിരുന്നില്ല.

**5) ശൗലിന്റെ ജീവിതത്തിൽനിന്നും നമുക്കു ലഭിക്കുന്ന പ്രധാന സന്ദേശം?**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്.**

B) ദൈവവിളിക്ക് അനുയോജ്യമായി നാം ജീവിക്കണം.

C) ദൈവത്തെ അനുസരിക്കുന്നതിൽ ലാഘവത്വം കാണിക്കരുത്.

D) അന്യദൈവ ആരാധന പാടില്ല.

**6) ശൗൽ ഏതു ഗോത്രത്തിൽ ഉൾപ്പെട്ട ആളായിരുന്നു?**

**A) ബെന്യാമീൻ**

B) മനശ്ശെ

C) യഹൂദാ

D) ലേവി

**7) സമസൃഷ്ടികളോടു ചേർന്നു ജീവിക്കുവാൻ കഴിയണമെന്നു ശൗലിന്റെ ജീവിതം നമുക്കു കാണിച്ചുതരുന്നുണ്ട്. ഈ ആശയത്തോടു ബന്ധപ്പെടുത്തി യോജിക്കാത്ത പ്രസ്താവന ഏത്?**

**A) നമ്മെ എതിർക്കുന്നവരെ തോൽപ്പിക്കുവാൻ പല മാർഗ്ഗങ്ങൾ സ്വീകരിക്കാം.**

B) ദൈവം സ്നേഹിക്കുന്നവരുടെ നന്മകളെ ഓർത്ത് അസൂയപ്പെടേണ്ട.

C) ദൈവം അനുഗ്രഹിക്കുന്നവരോട് എതിർത്തിട്ട് പ്രയോജനമില്ല.

D) ദൈവം നമുക്കു നൽകിയ അനുഗ്രഹങ്ങളെ കണ്ടെത്തി ദൈവത്തിനു സ്തോത്രം ചെയ്യാം.

**8) ദാവീദ് രാജാവിന്റെ ജീവിതത്തിൽനിന്നു നാം അനുകരിക്കരുതാത്ത വിശേഷത തെരഞ്ഞെടുക്കുക.**
A) **സ്വാർത്ഥത മൂലം മറ്റൊരു ജീവിതത്തെ അപകടത്തിലാക്കി.**
B) ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടു.
C) ദൈവാശ്രയത്തോടും നിശ്ചയദാർഢ്യത്തോടും തിന്മയെ നേരിട്ടു.
D) സ്വന്തം പാപം മനസ്സിലായപ്പോൾ അനുതപിച്ചു ദൈവത്തിങ്കലേക്കു തിരികെ വന്നു.

**9) 'നുറുങ്ങുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല' എന്നു നാം ചൊല്ലുന്ന പ്രാർത്ഥനയോട് ഏറ്റവും യോജിക്കുന്ന പ്രസ്താവന ഏത്?**
A) **ദാവീദ് രാജാവിന്റെ അനുതാപം.**
B) ന്യായാധിപനായ യിഫ്താഹിന്റെ പ്രാർത്ഥന.
C) ഏലിയുടെ പ്രാർത്ഥന.
D) യിസ്രയേൽ ജനതയുടെ കഷ്ടതയിലെ പ്രാർത്ഥന.

**10) യറുശലേം ദേവാലയം പണികഴിപ്പിച്ച രാജാവ്?**
A) **ശലോമോൻ**
B) ശൗൽ
C) ദാവീദ്
D) യിസ്കിയാവ്

**11) ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെട്ട സംഭവത്തോടു ബന്ധപ്പെട്ട പ്രസ്താവനകളിൽ ഏറ്റവും ശരിയായതു തെരഞ്ഞെടുക്കുക.**
A) **എല്ലാ ഉത്തരങ്ങളും ശരിയാണ്.**
B) നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു.
C) വിലാപ്പുറവും കാണിച്ചു.
D) പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു.

**12) ഇന്നു നമുക്ക് സത്യാരാധന ഉണ്ടാകുവാൻ ഏറ്റവും പ്രധാനപ്പെട്ട കാരണം?**
A) **യേശുക്രിസ്തുവിന്റെ ഉയിർപ്പ്.**
B) ശിഷ്യന്മാരുടെ പ്രവർത്തനം.
C) യേശു ചെയ്ത അത്ഭുതങ്ങൾ.
D) മിലാൻ വിളംബരം.

**13) യേശുവിന്റെ ഉയിർപ്പിനു ശേഷം എമ്മവൂസിലേക്കു പോയ ശിഷ്യന്മാരുടെ യാത്രയുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക.**
A) **യേശുവിന്റെ ഉയിർപ്പിൽ അവർക്ക് പ്രത്യാശ ഉണ്ടായിരുന്നു.**
B) അവർക്ക് കൂടെയുണ്ടായിരുന്ന യേശുവിനെ തിരിച്ചറിയുവാൻ സാധിച്ചില്ല.
C) യേശുവിനെക്കുറിച്ചുള്ള തിരിച്ചറിവില്ലായ്മയിൽ യേശു അവരെ ശാസിച്ചു.
D) യേശുവിന്റെ ക്രൂശുമരണം കഴിഞ്ഞ് മൂന്നു ദിവസം കഴിഞ്ഞായിരുന്നു ഈ യാത്ര.

**14) യേശുവിന്റെ ഉയിർപ്പിനുശേഷം എമ്മവൂസിലേക്ക് രണ്ടു ശിഷ്യന്മാർ യാത്ര ചെയ്തപ്പോൾ യേശു അവർക്കൊപ്പം നടന്നു. ഈ യാത്രയിലുണ്ടായിരുന്ന ഒരു ശിഷ്യന്റെ പേര്?**
A) **ക്ലെയോപ്പാവ്**
B) തോമസ്
C) ശീമോൻ
D) അന്ത്രയോസ്

**15) തന്നിരിക്കുന്ന പ്രസ്താവനകളിൽ തോമ്മാശ്ലീഹായെ സംബന്ധിച്ച്**

**ശരിയല്ലാത്തതു തെരഞ്ഞെടുക്കുക.**
**A) A.D. 52 ൽ രക്തസാക്ഷിത്വം വരിച്ചു.**
B) ഭാരതത്തിന്റെ അപ്പസ്തോലനാണ്.
C) മലങ്കരസഭയുടെ സ്ഥാപകനാണ്.
D) എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് യേശുവിനെ സംബോധന ചെയ്തു.

**16) ഉയിർത്തെഴുന്നേറ്റ ശേഷം കർത്താവിന്റെ ആണിപ്പാടുകളും വിലാപ്പുറവും കർത്താവ് കാണിച്ചുകൊടുത്ത ശിഷ്യൻ.**
**A) തോമ്മാശ്ലീഹാ**
B) പത്രോസ് ശ്ലീഹാ
C) യോഹന്നാൻ ശ്ലീഹാ
D) യൂദാ ശ്ലീഹാ

**17) കർത്തൃശിഷ്യന്മാരിൽ അന്ത്രയോസിന്റെ സഹോദരൻ ആയിരുന്ന ശിഷ്യൻ?**
**A) വിശുദ്ധ പത്രോസ്**
B) വിശുദ്ധ യോഹന്നാൻ
C) വിശുദ്ധ മത്തായി
D) വിശുദ്ധ ലൂക്കോസ്

**18) തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ യേശു ചെയ്ത കാര്യം?**
**A) തന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്നു പ്രാവശ്യം ചോദിച്ചു പത്രോസിനെ തിരികെ കൊണ്ടുവന്നു.**
B) ശിഷ്യന്മാരുടെ മൂപ്പൻ ആക്കി.
C) കത്തോലിക്കാ സഭയുടെ സ്ഥാപകൻ ആക്കി.
D) പെന്തിക്കോസ്തി ദിവസത്തിൽ പ്രസംഗത്തിലൂടെ അനേകരെ മാനസാന്തരപ്പെടുത്തി.

**19) യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലം?**
**A) ഒലിവ് മല**
B) എമ്മവൂസ്
C) സീനായ് മല
D) മറുരൂപമല

**20) ഇന്നു ക്രിസ്ത്യാനികളുടെ ഏറ്റവും വലിയ പ്രത്യാശ?**
**A) യേശുക്രിസ്തുവിന്റെ രണ്ടാം വരവ്**
B) മുഴുവൻ ലോകത്തിന്റെയും രക്ഷ.
C) പീഢനങ്ങളിൽനിന്നുള്ള വിടുതൽ.
D) പരിശുദ്ധാത്മാവിന്റെ അഭിഷേകം.

**21) 'നിൻകൈ മെനഞ്ഞ ശരീരത്തിൽ നിന്റെ വലത്തേതാകണമേ...' എന്ന പ്രാർത്ഥനാഗീതത്തിൽ 'വലത്തേതാകണമേ' എന്ന പ്രയോഗത്തിന്റെ അർത്ഥം?**
**A) വലതുകൈ ആവസിപ്പിച്ചു സംരക്ഷിക്കേണമേ.**
B) വലതുവശത്ത് ഇരുത്തേണമേ.
C) കാത്തു രക്ഷിക്കേണമേ.
D) അശുദ്ധിയിൽനിന്നു രക്ഷിക്കേണമേ.

**22) ഗീതം പൂരിപ്പിക്കുക.**
**'ഞങ്ങൾക്കുള്ള കർത്താവേ**
**ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്**
**...................... നിൻ തിരുമുമ്പിൽ**

**നിൽപാൻ എനിക്കു നീ നൽകണമേ.'**

**A) ഉണർവോടെ**

B) അലിവോടെ

C) താഴ്മയോടെ

D) അനുതാപത്തോടെ

**23) 'യാചിപ്പിൻ നിങ്ങൾക്ക് കിട്ടും അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും...' ഈ വേദവാക്യത്തിന്റെ റഫറൻസ്.**

**A) വി. ലൂക്കോസ് 11:9**

B) വി. മത്തായി 12:20

C) വി. മർക്കോസ് 8:16

D) വി. യോഹന്നാൻ 11:8

**24) 'സ്വർഗ്ഗസ്ഥനായ പിതാവേ, നിന്നെ വിളിക്കുന്ന ഞങ്ങളോട് ഉത്തരമരുളേണമേ' എന്ന പ്രാർത്ഥനയുടെ അടുത്ത വാചകം?**

**A) എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവ് ഞങ്ങൾക്ക് വേറെയില്ല.**

B) നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ.

C) പുണ്യപ്രവർത്തികളാൽ ഞങ്ങൾ നിനക്ക് ഇഷ്ടന്മാരായിത്തീരേണമേ.

D) നിന്റെ കല്പനകൾ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

**25) 'മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ' എന്ന പ്രാർത്ഥനയുടെ അടിസ്ഥാന വേദഭാഗം?**

**A) സങ്കീർത്തനം 91**

B) സങ്കീർത്തനം 90

C) സങ്കീർത്തനം 133

D) സങ്കീർത്തനം 123

**26) ഏഴു യാമനമസ്കാരങ്ങളെ സംബന്ധിച്ചു പരാമർശിക്കുന്ന വേദഭാഗം?**

**A) സങ്കീർത്തനം 119:164**

B) സങ്കീർത്തനം 91:10

C) റോമർ 8:17

D) വി. ലൂക്കോസ് 11:9

**27) മാർ സേവേറിയോസിന്റെ അപേക്ഷ എന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രാർത്ഥന?**

**A) മഹോന്നതന്റെ മറവിൽ ഇരിക്കുന്ന കർത്താവേ...**

B) ഉയരപ്പെട്ടവന്റെ രഹസ്യസ്ഥലത്തിരിക്കുന്നവൻ...

C) പട്ടാങ്ങപ്പെട്ട ദൈവംതമ്പുരാനേ...

D) ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിനെക്കുറിച്ചുള്ള ഓർമ്മ...

**28) മലങ്കരസഭ വിശുദ്ധരിൽ പ്രഥമസ്ഥാനം നൽകുന്നത് ആർക്ക്?**

**A) വിശുദ്ധ ദൈവമാതാവ്**

B) വിശുദ്ധ തോമ്മാശ്ലീഹാ

C) പരിശുദ്ധ പരുമല തിരുമേനി

D) വിശുദ്ധ ഗീവർഗീസ് സഹദാ

**29) 'സ്തൗമൻ കാലോസ്' എന്ന് ശുശ്രൂഷകൻ പറയുമ്പോൾ നാം ചെയ്യേണ്ട പ്രധാന കാര്യം?**

**A) ഏറ്റവും ശ്രദ്ധയോടെ നല്ലവണ്ണം നിൽക്കണം.**

B) കുറിയേലായ്സോൻ എന്നു മറുപടി പറയണം.

C) എഴുന്നേറ്റു നിൽക്കണം.

D) അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലണം.

**30) 'ഭക്തർ പുകഴ്ചാ ഭാജനമേ...' എന്ന ഗീതത്തിൽ ആരോടാണ് അപേക്ഷിക്കുന്നത്?**

<u>A) വിശുദ്ധ കന്യകമറിയാം</u>

B) ദൈവപുത്രനായ യേശു

C) വിശുദ്ധന്മാരോട് പൊതുവിൽ

D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല.

**31) കന്യകമറിയാമിനോടുള്ള വചനിപ്പിനെ ഓർക്കുന്ന ഗീതം?**

<u>A) മന്നമകൾക്കായി ശ്ലോമ്മോ...</u>

B) ഭക്തർ പുകഴ്ചാ ഭാജനമേ...

C) ദൈവപ്രസവിത്രി...

D) മോറോനീശോ കരിശും നിൻ...

**32) 'മൊറിയോ റാഹേം മേലെൻ ഉ ആദാറേൻ' എന്ന സുറിയാനി വാചകത്തിന്റെ അർത്ഥം?**

<u>A) കർത്താവേ കരുണ ചെയ്തു ഞങ്ങളെ സഹായിക്കേണമേ.</u>

B) എന്റെ നാഥാ അനുഗ്രഹിക്കേണമേ.

C) പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

D) ദൈവതിരുനാമം മഹത്വപ്പെടട്ടെ.

**33) തന്നിരിക്കുന്ന ഗീതങ്ങളിൽ പരിശുദ്ധന്മാരുടെ ഓർമ്മയുടമായി ബന്ധപ്പെടാത്തതു തെരഞ്ഞെടുക്കുക.**

<u>A) അൻപുടയോനെ നിൻ...</u>

B) മാർത്തോമാ സത്ഗുണനിധിയേ...

C) പാവന നിബിമാരേ...

D) ഭാഗ്യം നിബിയർക്കും ഭാഗ്യം...

**34) 'നയവാൻ പനപോലെ തളിർത്തിടുമേ...' എന്നു തുടങ്ങുന്ന കുക്കിലിയോന്റെ നാലാം വരി എഴുതുക.**

<u>A) വർദ്ധിക്കുമവർക്ക് തുഷ്ടി പുഷ്ടികളും.</u>

B) നിൻജനമോർക്കായ്ക പിതൃഗൃഹവും.

C) ഭക്തന്മാരിൽ ദൈവം കൃപചെയ്യും.

D) നിൻ ദാസൻ ദാവീദിൻ മൂലം.

**35) മാർത്തോമൻ പാരമ്പര്യത്തിൽ വിവാഹ അവസരങ്ങളിൽ ഉപയോഗിച്ചിരുന്ന പാട്ട്.**

<u>A) മാർഗ്ഗം കളി പാട്ട്</u>

B) റമ്പാൻ പാട്ട്

C) പാണപ്പാട്ട്

D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല.

**36) 'മാർതോമ്മാ ശ്ലീഹാ' പുഴയിൽനിന്നും വെള്ളം മുകളിലേക്ക് എറിഞ്ഞ് അന്തരീക്ഷത്തിൽ നിർത്തിയ അത്ഭുതപ്രവർത്തനം നടത്തിയ സ്ഥലം?**

<u>A) പാലയൂർ</u>

B) നിരണം

C) നിലയ്ക്കൽ

D) ആർത്താറ്റ്

**37) മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിൽ നിലവിലുള്ള ദേവാലയങ്ങളിൽ കേരളത്തിനു പുറത്തുള്ള ദേവാലയം?**

<u>A) തിരുവിതാംകോട്</u>

B) ഗൊക്കമംഗലം

C) മാല്യംകര
D) നിരണം

**38) ആരാധനാ വേളയിൽ ശുശ്രൂഷകൻ നൽകുന്ന പ്രഘോഷണത്തിൽ നാം നിൽക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ പറയുന്നുണ്ട്. ഈ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും മുമ്പാകെ.**
B) അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ മുമ്പാകെ.
C) പാപപരിഹാരം നൽകുന്ന ബലിപീഠത്തിന്റെ മുമ്പാകെ.
D) സ്വർഗീയ രഹസ്യങ്ങളുടെ മുമ്പാകെ.

**39) 'സെദറാ' എന്ന പദത്തിന്റെ അർത്ഥം?**
**A) നിര**
B) പ്രാർത്ഥന
C) ഗീതം
D) അപേക്ഷ

**40) തന്നിരിക്കുന്ന പ്രസ്താവനകളിൽ യേശുക്രിസ്തു മൂലം മാനവകുലത്തിനു ലഭിച്ച രക്ഷാപ്രവൃത്തിയെ ഓർക്കുന്നതായി മനസ്സിലാക്കാൻ ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുക.**
**A) രണ്ട് ഉത്തരങ്ങളും ശരിയാണ്.**
B) തീജ്വാലയിൽ കുന്തിരിക്കം സമർപ്പിക്കുമ്പോൾ.
C) ദുഃഖവെള്ളിയാഴ്ച കുമ്പിടുമ്പോൾ.
D) രണ്ട് ഉത്തരങ്ങളും തെറ്റാണ്

**41) ആരാധനയിൽ ഉപയോഗിക്കുന്ന ധൂപക്കുറ്റിയുടെ ചങ്ങലകൾ സൂചിപ്പിക്കുന്നത് എന്തിനെയാണ്?**
**A) ത്രിത്വത്തെ**
B) സഭയെ
C) വിശ്വാസികളെ
D) ശിഷ്യന്മാരെ

**42) ശ്ലീഹാനോമ്പ് ആചരിക്കുന്ന കാലഘട്ടം?**
**A) ജൂൺ 16-29**
B) സെപ്റ്റംബർ 1-15
C) ഓഗസ്റ്റ് 1-15
D) ഫെബ്രുവരി 15-30

**43) നോമ്പ്-ഉപവാസം ഇവയെ സംബന്ധിച്ച് ഏറ്റവും ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്.**
B) ഉപവാസത്തിൽ ഭക്ഷണം ഉപേക്ഷിച്ച് ദൈവസംസർഗ്ഗത്തിൽ സമയം ചെലവഴിക്കുന്നു.
C) തിന്മയുടെ പ്രലോഭനങ്ങളെ ജയിക്കുവാൻ നോമ്പും ഉപവാസവും സഹായിക്കുന്നു.
D) ശാരീരിക ആരോഗ്യം വീണ്ടെടുക്കുവാൻ നോമ്പും ഉപവാസവും സഹായിക്കുന്നു.

**44) ആശ്രമപ്രസ്ഥാനത്തിന്റെ പിതാവ്?**
**A) വി. അന്തോനിയോസ്**
B) വി. അഗസ്റ്റിനോസ്
C) വി. പക്കോമിയോസ്
D) വി. ബസേലിയോസ്

**45) ആദിമസഭയിൽ ക്രിസ്ത്യാനികൾക്ക് രാജകീയ അവകാശങ്ങൾ**

**ലഭിക്കുവാൻ ഇടയാക്കിയ സംഭവം?**

**<u>A) മിലാൻ വിളംബരം</u>**

B) നിഖ്യാ സുന്നഹദോസ്

C) സന്ന്യാസപ്രസ്ഥാനത്തിന്റെ ആരംഭം

D) കുരിശ് യുദ്ധങ്ങൾ

**46) വലിയ മാർ ബസേലിയോസിന്റെ ജീവിതവുമായി ബന്ധപ്പെടാത്ത പ്രസ്താവന?**

**<u>A) പൗരസ്ത്യ കാതോലിക്ക ആയിരുന്നു.</u>**

B) കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളാണ്.

C) രോഗികളെ താമസിപ്പിച്ച് പരിചരിക്കുവാൻ ഹോസ്പിറ്റലുകൾ ആരംഭിച്ചു.

D) പരിശുദ്ധാത്മാവിനെക്കുറിച്ച് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

**47) 'ഗ്രിഗോറിയോസ്' എന്ന വാക്കിന്റെ അർത്ഥം?**

**<u>A) ഉണർന്നിരിക്കുന്നവൻ</u>**

B) ദൈവം സ്നേഹിക്കുന്നവൻ

C) ദൈവം തെരഞ്ഞെടുത്തവൻ

D) മിതഭാഷി

**48) തന്നിരിക്കുന്നവരിൽ അറിയോസിന്റെ വേദവിപരീതത്തെ എതിർത്തതിനാൽ നാടുകടത്തപ്പെട്ട പിതാവ്?**

**<u>A) നിസ്സായിലെ മാർ ഗ്രിഗോറിയോസ്</u>**

B) നാസിയാൻസിലെ ഗ്രിഗോറിയോസ്

C) പൗലോസ് മാർ ഗ്രിഗോറിയോസ്

D) മാർ അന്തോനിയോസ്

**49) ആരോഗ്യസംരക്ഷണത്തിന് ബാല്യകാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഉൾപ്പെടാത്തത്?**

**<u>A) ഉൾപ്പെടാത്തതായി ഉത്തരങ്ങൾ ഒന്നുമില്ല.</u>**

B) ശരിയായ ഭക്ഷണ രീതി.

C) ശരിയായ വ്യായാമം

D) നല്ല ചിന്തകളും പരസഹായത്തിനുള്ള താത്പര്യവും

**50) മനുഷ്യന് പ്രകൃതിയോടുള്ള ബന്ധം ദൈവഹിതത്തിനു വിരുദ്ധമാകുന്ന സാഹചര്യം?**

**<u>A) സമ്പത്ത് വർദ്ധിപ്പിക്കാൻ പ്രകൃതിയെ ദുരുപയോഗം ചെയ്യുന്നത്.</u>**

B) കാർഷികവൃത്തിയിൽ കൂടുതലായി ഏർപ്പെടുന്നത്.

C) പ്രകൃതിസംരക്ഷണത്തിനു പ്രാധാന്യം നൽകുന്നത്.

D) ഉദ്യാനങ്ങൾ മനോഹരമായി സൂക്ഷിക്കുന്നത്.